

# ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2019-20

## ഗവ. എച്ച്. എസ്സ്. എസ്സ്. രാമപുരം

# എഡിറ്റോറിയൽ

## കുട്ടികളും സംരക്ഷിക്കപ്പെടണം

കാലചക്രത്തിന്റെ ത്വരിതഗതിക്കും മീതെ ഉദ്ബോധനത്തിന്റെ ഔന്നത്യങ്ങളിലേയ്ക്കു പറന്നുയരുന്ന നവീന ലോകമാണ് നമുക്കു ചുറ്റുമുള്ളത്. ചോദ്യങ്ങൾ ഉണ്ടാവുക സ്വാഭാവികമാണെന്നും പക്ഷേ എല്ലാ ചോദ്യങ്ങളും ഉത്തരമർഹിക്കുന്നവയല്ലെന്നും ഉള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഉള്ളുനീറിപ്പിടഞ്ഞ്, നരനായിങ്ങനെ ജനിച്ചുപോയതിന്റെ അധമത്വം പേറിക്കഴിയേണ്ടി-വരുന്നില്ലേ എന്ന് പലപ്പോഴും ചിന്തിച്ചുപോയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

ഒരു വ്യക്തിയുടെ, കുടുംബത്തിന്റെ, സമൂഹത്തിന്റെ, നാടിന്റെ ഏക സ്വപ്നവും പ്രതീക്ഷയും ആണ് കുഞ്ഞുങ്ങൾ. അവർ എല്ലാത്തരത്തിലുംകുട്ടികളായി- ത്തന്നെ പരിഗണിക്കപ്പെടണം എന്നതാണ് പ്രാഥമികവും പ്രധാനവുമായ സംഗതി.

വീടിനുള്ളിലും വിദ്യാലയത്തിലും പുറം ലോകങ്ങളിലും അത്തരത്തിലുള്ള പരിഗണനന അവരുടെ ശരീരത്തിനും മനസ്സിനും ആത്മാവിനും ലഭിക്കണം.ദൂഷിച്ച ഒരു വിചാരമോ വികാരമോ അവരെ സ്പർശിച്ചുകൂടാ. ഒരു ജന്മം മുഴുവൻസൂക്ഷിക്കേണ്ടതാണ്, താലോ-ലിക്കേണ്ടതാണ് ബാല്യം എന്ന മയിൽപ്പീലിത്തുണ്ട്. അത് കുട്ടികളുടെ അവകാശമാണ്. നമ്മുടെ ഔദാര്യമല്ല.

കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടാത്ത അവസ്ഥയിൽ ഒരു രാഷ്ട്രം ശാസ്ത്രത്തിന്റെ വളർച്ചയിൽ ബഹുദൂരം പിന്നിട്ടാലും ആത്മീയമായികൊടിയദാരിദ്ര്യത്തിൽത്തന്നെയാ- യിരിക്കും എന്ന വസ്തുത വിസ്മരിച്ചുകൂടാ. ഇന്ന് കുട്ടികളെ നശിപ്പിക്കുന്ന ,കുട്ടിത്തം ഇല്ലാ-
താക്കുന്ന, ചിന്തകളെ വികലമാക്കുന്ന,പ്രതീക്ഷകളെ തകർക്കുന്ന നിരവധി വിപത്തു- കൾ അവരെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു. ലക്ഷ്യബോധമില്ലാത്ത ഒരു തലമുറ സൃഷ്ടിക്ക-
പ്പെടുക എന്നത് ഒരു നാടിനു സംഭവിക്കാവുന്ന ഏതു ദുരന്തത്തേക്കാളും വലുതാണ്. പ്രളയം പോലെതന്നെ നാം നേരിടുന്ന ഈ ഭീകരാവസ്ഥയിൽനിന്നും നമ്മുടെ കുട്ടികൾ മുക്തി നേടണം. അന്നുമാത്രമേ വിദ്യാലയങ്ങൾക്കും സമൂഹത്തിനുംസർവ്വതോന്മുഖമായ നേട്ടങ്ങളിൽ അഭിമാനിക്കാൻ കഴിയൂ.

പ്രിയ.പി.ജി.

ഉള്ളടക്കം

ഉള്ളടക്കം

മണിക്കട്ടനും കൂട്ടുകാരും.....................................................................4

കുട്ടത്തിപ്രാവ്....................................................................................6

മുത്തശ്ശി..............................................................................................9

വാഴക്കുല..........................................................................................11

നിലാപക്ഷി........................................................................................12

നക്ഷത്രം...........................................................................................13

പോത്ത്.............................................................................................15

മഴയും പുഴയും...................................................................................18

പയറ്...................................................................................................20

പഴഞ്ചൊല്ലുകൾ...................................................................................22

കടങ്കഥ................................................................................................25

വാദ്യോപകരണങ്ങൾ.........................................................................27

മഹദ്വചനങ്ങൾ ..................................................................................30

Bed In Summer...................................................................................31

नीम का पेड.............................................................................................32

പ്രളയബാധിതർക്കായി........................................................................34

പ്ലാസ്റ്റിക്ക് വളർന്നു വരുന്ന ഭീകരൻ..........................................................36

G.K.Question........................................................................................37

നാടൻ കലാരൂപങ്ങളും സവിശേഷതകളും.............................................38

Love.......................................................................................................39

My world...............................................................................................40

മൈനക്കുഞ്ഞും

കുരുവിയും.............................................................................42

അനന്തപർവ്വം.............................................................................................43
കവിത.................................................................................................44
സുഹൃത്തുക്കൾ........................................................................................45
നവകേരള നിർമ്മിതിയിൽ കുട്ടികളുടെ പങ്കാളിത്തം............................47
ഗണിതപ്പാട്ട്...........................................................................................49
അറിവിന്റെ അളവ്.................................................................................50
തക്കാളിയുടെ ജീവിതത്തിൽ നിന്ന്.......................................................51
മഹാത്മാ ഗാന്ധി.....................................................................................52
പുസ്തകാസ്വാദനം.....................................................................................57

# മണിക്കുട്ടനും കൂട്ടുകാരും

പണ്ട് ഒരു വീട്ടിൽ കുറച്ച് കൂട്ടുകാരുണ്ടായിരുന്നു.ഒരു കാളക്കുട്ടൻ,ഒരു നായക്കുട്ടി,മൂന്നുകോഴിക്കുഞ്ഞുങ്ങൾ,ആ വീട്ടിലെ കുഞ്ഞുവാവ,ഒരു കാക്ക ഇത്രയും പേരായിരുന്നു കൂട്ടുകാർ.മണിക്കുട്ടൻ എന്നായിരുന്നു കാളക്കുട്ടന്റെ പേര്.മണിക്കുട്ടൻ ജനിച്ചപ്പോൾത്തന്നെ.അവന്റെ ദേഹത്ത് ചില പാടുകളുണ്ടായിരുന്നു.അതുകൊണ്ട് വീട്ടുടമസ്ഥന് അവനെ തീരെ ഇഷ്ടമില്ലായിരുന്നു.അയാൾ മണിക്കുട്ടനെ വിൽക്കാൻ തീരുമാനിച്ചു.ഇതറിഞ്ഞ കൂട്ടുകാർക്ക് സങ്കടമായി.മണിക്കുട്ടനെ പിരിയാതിരിക്കാൻ അവൻ ഒരോ സൂത്രങ്ങൾ ആലോചിച്ചു.ഒടുവിൽ കുഞ്ഞുവാവ പറഞ്ഞു, ‘നമുക്ക് പാമ്പിൻ ചേട്ടനെ കാണാം.എന്തെങ്കിലും മാർഗം പറഞ്ഞു , “തരാതിരിക്കില്ല".അങ്ങനെ അവർ മരപ്പൊത്തിൽ താമസിക്കുന്ന പാമ്പിൻ ചേട്ടനോട് കാര്യങ്ങൾ പറഞ്ഞു.അല്പനേരം ആലോചിച്ചതിനുശേഷം പാമ്പിൻ ചേട്ടൻ പറഞ്ഞു. “ഞാൻ ഒരുപായം പറയാം.നിങ്ങൾ കാൺകെ കുഞ്ഞുവാവയെ ഉപദ്രവിക്കാനെന്നപോലെ ഞാൻ ഇഴഞ്ഞുചെല്ലാം.അതുകണ്ട്

കുഞ്ഞുവാവ ഉറക്കെ നിലവിളിക്കണം.വീട്ടുടമസ്ഥൻ ഓടിവന്ന് എന്നെ തൊഴിച്ചുമാറ്റി കുഞ്ഞുവാവയെ രക്ഷിക്കുന്നതായി ഭാവിക്കണം."

എല്ലാവരും സമ്മാതിച്ചു.അങ്ങനെ ഉടമസ്ഥൻ വീട്ടിലുള്ള ഒരു ദിവസം പാമ്പിൻ ചേട്ടൻ കുഞ്ഞുവാവയുടെ നേരെ ഇഴയാൻ തുടങ്ങി.കുഞ്ഞുവാവ ഉറക്കെ നിലവിളക്കാനും തുടങ്ങി.വിട്ടുകാരൻ ഓടിയെത്തിയപ്പോൾ കണ്ട കാഴ്ച!

ഒരു പാമ്പ് തന്റെ കുഞ്ഞിന്റെ നേരെ ഇഴഞ്ഞുചെല്ലുന്നു.എന്തുചെയ്യണമെന്നറിയാതെ അയാൾ ആകെ ഭയന്നു ഉടനെ മണക്കുട്ടൻ ഓടിച്ചെന്ന് പാമ്പിനെ ഒറ്റത്തൊഴി.പാമ്പ് തിരിച്ചുപോയി.ഈ തക്കത്തിന് വീട്ടുകാരൻ ഓടിവന്ന് കുഞ്ഞുവാവയെ എടുത്തു.തന്റെ കുഞ്ഞിനെ ആപാത്തിൽ രക്ഷിച്ച മണിക്കുട്ടനോട് ആയാൾക്ക് സ്നേഹം തോന്നി.സൗന്ദര്യത്തിലല്ല സ്നേഹത്തിലാണ് കാര്യമെന്ന് മനസ്സിലാക്കിയ.അയാൾമണിക്കുട്ടനെവിൽക്കാൻതീരുമാനാച്ചതി ൽപശ്ചാത്തപിക്കുകയും ചെയ്തു.കുട്ടുകാർ ഒത്തുകൂടി പാമ്പൻച്ചേട്ടനോട് നന്ദി പറയാനെത്തി.പാമ്പൻചേട്ടൻ

ചിരിച്ചുകൊണ്ടറിയിച്ചു,"മണിക്കുട്ടാ,തൊഴി ഏറ്റുകേട്ടോ". കൂട്ടുകാർ ചിരിച്ചു.

## കുട്ടത്തിപ്രാവ്

ഒരു കാട്ടിൽ ഒരു കുട്ടത്തിപ്രാവും ഒരു കുഞ്ഞിപ്രവും താമസിച്ചിരുന്നു.കുട്ടത്തിപ്രാവ് എന്നും പയർ ശേഖരിക്കാൻ പോകും .ശേഖരിച്ച് കൊണ്ടു വരുന്ന പയർ കു-ഞ്ഞിപ്രാവ് വറുത്ത് വെക്കും .ഒരു ദിവസം കുട്ടത്തിപ്രാവ് പയർ ശേഖരിച്ച് കുഞ്ഞിപ്രാവിന്റെ കയ്യിൽ കൊണ്ട് കൊടുത്തു .കുട്ടത്തിപ്രാവ് വരുമ്പോഴേക്കും പയർ വറുത്ത് വെയ്ക്കാൻ കുഞ്ഞിപ്രാവിനോടു പറഞ്ഞു . കുട്ടത്തിപ്രാവ് യാത്രയായി .

വൈകുന്നേരം കുട്ടത്തിപ്രാവ് വന്നപ്പോൾ കുഞ്ഞിപ്രാവ് പയർ വറുത്തത് കുട്ടത്തിപ്രാവിന് കൊടുത്തു . നാഴി പയർ വറുത്തിട്ടും മുഴക്കപോലും തികഞ്ഞില്ല.

കുഞ്ഞിപ്രാവ് എല്ലാം എടുത്ത് കഴിച്ചു എന്ന് കുട്ടത്തിപ്രാവ് മനസ്സിലായി . ദേക്ഷ്യം വന്ന കുട്ടത്തിപ്രാവ് അടുപ്പിൽ നിന്ന് ഒരു തീക്കനൽ എടുത്ത് കുഞ്ഞിപ്രാവിനെ കുത്തി കുഞ്ഞിപ്രാവ് കരഞ്ഞ് കൊണ്ട് പറന്ന് പോയി .

പിറ്റേ ദിവസം കുട്ടത്തിപ്രാവ് പയർ ശേഖരിച്ച് കൊണ്ട് വന്ന് വറുത്തു .

നാഴി പയർ വറുത്തിട്ട് മൂഴക്കപോലും തികഞ്ഞില്ല .

അപ്പോഴാണ് തന്റെ തെറ്റ് കുട്ടത്തി പ്രാവിന് മനസിലായത് . കുട്ടത്തിപ്രാവ് കരഞ്ഞ് കൊണ്ട് തന്റെ കുഞ്ഞിനെ കണ്ടോ എന്ന് തിരക്കി നടന്നു .

വഴിയിൽ കണ്ട എല്ലാവരോടും തന്റെ കുഞ്ഞിനെ

കണ്ടോ എന്ന് തിരക്കി ആരും കണ്ടില്ല എന്ന് പറഞ്ഞു .കുട്ടത്തിപ്രാവ് കരഞ്ഞ് കൊണ്ട് തന്റെ

കുഞ്ഞിനെ തിരക്കി നടന്നു .കുറെ ദൂരം പറന്നപ്പോൾ കുട്ടത്തിപ്രാവ് കണ്ടു . താഴെ ഉറുമ്പ് അരിച്ച് ചത്ത് കിടക്കുന്ന തന്റെ കുഞ്ഞിന്റെ ശരീരം

by

പാർവ്വതി

## മുത്തശ്ശി

അങ്ങേലുണ്ടൊരു മുത്തശ്ശി

ഇങ്ങേലുണ്ടൊരു മുത്തശ്ശി

കാലത്തെന്നും ഉണരുന്ന

മുറ്റം മുഴുവൻ നീക്കുന്ന

പുരയ്ക്കു ചുറ്റും ഓടുന്ന

പണികഴിഞ്ഞാൽ മൂലയ്ക്കാകും

ആരാണാരാണീ മുത്തശ്ശി

-ഉത്തരം ചൂൽ

by:shivadutt,sai

## വാഴക്കുല

രാമപുരെത്തൊരു വാഴക്കുല

ഉണ്ണിയേട്ടന്റെ സ്വന്തം വാഴക്കുല

എന്നോ ഒരു വാഴ നട്ടതിൽ നിന്നു

കുലച്ചു വന്നതാണ് ഇത്

നല്ല അസ്സലു ഞാലിപൂവൻ

ഉണ്ണിയേട്ടന്റെ പറമ്പിലെ ആദ്യകുലയായ

അതിനെ നാട്ടുകാർ ആർത്തിയോടെ നോക്കിനിന്നു

അക്കാലത്ത് കുലച്ച വന്ന വാഴക്കുലയ്ക്ക് നാട്ടാർ

പണം വാരി വാരി എറിഞ്ഞു

കാലങ്ങൾ കടന്നു വാഴ വീണ്ടും കുലച്ചു

എന്നാൽ ആ കുല വാങ്ങാൻ ആരും

വന്നില്ല. ഓ എന്തോരു കഷ്ടം

- ഒരു പടിഞ്ഞാറൻ വാഴകുല

സൂര്യനാരയണൻ

## നിലാപക്ഷി

സന്ധ്യ മയങ്ങും നേരത്ത്

ഞാൻ  ഉണ്ണാതെ ഉറങ്ങാതെ

കാതോർത്തു നിന്റെയീ പാട്ടിനായി

കിഴക്കേ മാനത്ത് പ്ലാവിൻ കോമ്പത്ത്

പാടിരസിച്ചിട്ടു എന്റെ യോമനെ..........

പാട്ടിന്റെ ഈണം കേട്ട് എന്റെ

കാതിൽ മുഴങ്ങുന്നുണ്ടൊരുഗാനം

ഇതാ.......... ഇതാ..........ഇതാ..........

എന്റെ ഹൃദയത്തിൽ നിറയെ വെളിച്ചം

പകർന്നെൻ ഓമനക്കിളിയെ

നിൻ മുരളീരവം മുഴകും സ്വരത്തിന്ന മുൻപിൽ

ഞാൻ കുമ്പിടുന്നു.

നീയെൻ മനസുണർത്തി

## നക്ഷത്രം

വീണ്ടുമൊരു മഴക്കാലം

വേനലിനു വിട നൽകി

കനത്ത ശബ്ദത്തോടിടി മുഴക്കവും

നിലാവിനെ മായിച്ച് മിന്നലും

ഉണങ്ങിവരണ്ട പൂവുകൾക്കും

ഒരേയൊരു ഭാവം

മഴയ്ക്കായി കാത്തിരിക്കുന്ന

വേഴാമ്പലിന്റെ ഭാവം

തിളങ്ങി നിന്ന നക്ഷത്രങ്ങൾക്കു മീതെ

ഇരുണ്ടു വന്ന കാർമേഘക്കൂട്ടം

അവ മഴയായ് പെയ്തിറങ്ങിയപ്പോൾ

ഉറക്കത്തിൽ നിന്നുണർന്ന

പൂക്കളും പാടങ്ങളും

അപ്പോഴും

ഉറങ്ങിക്കിടന്ന നക്ഷത്രത്തെ

ആരും കണ്ടില്ല

മേഘങ്ങൾക്കിടയിൽ വിങ്ങി നിന്ന്

കരയാനും ചിരിക്കാനും വയ്യാതെ

എവിടെയോ മറഞ്ഞു നിൽക്കുന്ന

നക്ഷത്രം

submitted by

pooja gopan .L

## പോത്ത്

നമ്മുടെ പാടത്തു കുളമ്പുകോണ്ട്

പണ്ട് പാടം വലിച്ചുകിറിയ പോത്ത്

യാതൊരു ചിന്തയുമില്ലാതെ നമുക്ക്

കഴുത്തിൽ ഘനം തൂങ്ങും മുകം പേറി-

പ്പോത്തുകൾ മന്ദം മിളിഞ്ഞിടുമ്പോൾ

ഓർക്കുക വല്ലപ്പോഴും നമുക്കന്ന-

ത്തിനാണ് എന്ന ഓർക്കുക നാം

അക്ഷയ് കുമാർ

മഴയും പുഴയും

മഴയിലൊരു പുഴ

പുഴയിലൊരു മഴ

മഴയിലൊരു പുഴയിലൊരു

മഴയിലൊരു പുഴ

പുഴയിലൊരു മഴ

മഴയിലൊരു പുഴ

പുഴയിലൊരു മഴയിലൊരു

പുഴയിലൊരു മഴ

മഴയിലൊരു പുഴയിലൊരു

മഴയോടു മഴ ...........

submitted by

adithya krishna .s

## പയറ്

പയറ് പയറ് ചെറുപയറ്

പച്ചക്കളറ് ചെറുപയറ്

വളഞ്ഞിരിക്കുന്ന ചെറുപയറ്

പച്ചയും കാപ്പിപ്പൊടി

കളറിലെ ചെറുപയറ്

പയറ് പയറ് ചെറുപയറ്

പച്ചക്കളറ് ചെറുപയറ്

പയറ് വിൽക്കുന്ന ചേച്ചിക്ക്

ടയറ് പോലുള്ള കുടവയറ്

sub;aksa moncy

## പഴഞ്ചൊല്ലുകൾ

1)കുംഭത്തിൽ മഴ പെയ്താതാൽ കുപ്പിയിലും മണിക്യം.

2)ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.

3)വിത്തുഗുണം പത്തുഗുണം.

4)നെല്ലറ പൊന്നറ.

5)കൈയാചടിയാലേ വായാട്ടു.

6)താന്താൻ നേടിയതേ താന്താൻ നേട്ടു.

7)ഓണമുണ്ട വയറേ ചൂളംപാടിക്കിട.

8)ഓണം കഴിഞ്ഞാൽ ഒലപ്പുര ഓട്ടപ്പുര.

9)കരയടുത്ത്ല്ല തുഴ കളയരുത്.

10)കരയ്ക്കിട്ട മീൻപോലെ.

11)ചിങ്ങത്തിൽ മഴ ചിരിച്ചും കരഞ്ഞും

12)ഞാറ്റുറട്ടാൽ ചോറ്ററച്ചു.

## കടങ്കഥ

മുറ്റത്തെ ചെപ്പിന് അടപ്പില്ല - കിണർ

ഓട്ടം കുതിര ചാട്ടം കുതിര വെള്ളം

കണ്ടാൽ നിൽക്കും കുതിര -ചെരുപ്പ്

വെളുക്കുമ്പോൾ തൊട്ട് വീടിനു ചുറ്റും ഓടി

നടക്കും കുറച്ച് കഴിഞ്ഞാൽ ഒരു മൂലക്ക് പോയി

ഇരിക്കും -ചൂൽ

ഒരു അമ്മ പെറ്റ മക്കളെല്ലാം തൊപ്പിക്കുഞ്ഞുങ്ങൾ -പക്ക്

അമ്മയെ തൊട്ട മക്കൾ വെന്തുമരിച്ചു -തീപ്പെട്ടിക്കൊള്ളി

ചിറകില്ല പറക്കും കണ്ണില്ല കരയും -മേഘം

വെള്ള റോഡ്,കറുത്ത കാർ – കണ്ണ്

കണ്ടതെല്ലാം ഉള്ളിലാക്കും -

അച്ഛൻ സൂര്യൻ ,അമ്മ കടൽ മകൾ ആര്? ഉപ്പ്

ഞെട്ടില്ല വട്ടയില - പപ്പടം

ടെലിഫോണിന്റെ കണ്ടുപിടിത്തം

ഇന്ത്യയിൽ ആദ്യമായി ടെലിഫോൺ സർവ്വീസ് തുടങ്ങിയത് എവിടെ ? കൊൽക്കത്ത

മൊബൈൽഫോണിന്റെ പിതാവ് ? മാർട്ടിൻ കൂപ്പർ

ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ടെലിഫോൺ സർവ്വീസ് ? എയർടെൽ

## കടങ്കഥ

മുറ്റത്തെ ചെപ്പിന് അടപ്പില്ല - കിണർ

ഓടും കുതിര ചാടും കുതിര വെള്ളം

കണ്ടൽ നിൽക്കും കുതിര -ചെരുപ്പ്

വെളുക്കുമ്പോൾ തൊട്ട് വീടിനു ചുറ്റും ഓടി

നടക്കും കുറച്ച് കഴിഞ്ഞാൽ ഒരു മൂലക്ക് പോയി

ഇരിക്കും -ചൂൽ

ഒരു അമ്മ പെറ്റ മക്കളെല്ലാം തൊപ്പിക്കുഞ്ഞുങ്ങൾ -പാക്ക്

അമ്മയെ തൊട്ട മക്കൾ വെന്തുമരിച്ചു -തീപ്പട്ടിക്കൊള്ളി

ചിറകില്ല പറക്കും കണ്ണില്ല കരയും -മേഘം

വെള്ള റോഡ് ,കറുത്ത കാർ – കണ്ണ്

കണ്ടതെല്ലാം ഉള്ളിലാക്കും -

അച്ഛൻ സൂര്യൻ ,അമ്മ കടൽ മകൾ ആര് ? ഉപ്പ്

ഞെട്ടില്ല വട്ടയില - പപ്പടം

## വാദ്യ ഉപകരണങ്ങൾ

ചേങ്ങില

കഥകളിക്ക് വാദ്യമായി ഉപയോഗിക്കുന്നു

ഇലത്താളം

കഥകളിക്ക് ഉപയോഗിക്കുന്നു .

വാദ്യങ്ങൾക്ക് അകമ്പടി ചേരാൻ ഉപയോഗിക്കുന്നു .

ആചാരാനുഷ്ഠാനങ്ങളിൽ ഉപയോഗിക്കുന്നു .

നാഗസ്വരം

വാദ്യ മേളങ്ങളിൽ അകമ്പടി ചേരാൻ ഉപയോഗിക്കുന്നു .

കൊമ്പ്

ഉത്ഥവ വാദ്യങ്ങൾക്കു  അകമ്പടി ചേരാൻ ഉപയോഗിക്കുന്നു

By

Sreeparvathy

## മഹദ് വചനങ്ങൾ

നിർമ്മലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല

മഹാത്മാഗാന്ധി

സത്വത്തിന്റെ പാത ഇടുങ്ങിയതും നേരേയുള്ളതുമാണ്

മഹാത്മാഗാന്ധി

ശുചിത്വമായിരിക്കണം കുട്ടികളെ പഠിപ്പിക്കേണ്ട പ്രഥമ പാഠം

മഹാത്മാഗാന്ധി

എന്റെ ജീവിതമാണ് എന്റെ സന്ദേശം

മഹാത്മാഗാന്ധി

ഒരു ചൂല് ഉപരിതലം വൃത്തിയാക്കുന്നതുപോലെയാണ് തെറ്റ് ഏറ്റു പറയുന്നത്

മഹാത്മാഗാന്ധി

## Bed in Summer

In winter I get up at night
And dress by yellow candle light
In summer quite the other way
I have to go to bed by day.

I have to go to bed and see
The birds still hopping on the tree,
Or hear the grown-up people's feet
Still going past me in the street.

And does it not seem hard to you
When all the sky is clear and biue
To have to go to bed by day?

## नीम का पेड

मेरे घर के पास लगा है

पेड नीम का हरा-भरा

उसकी डालें झूक झूक छूतीं

मेरे रहने का कमरा

अभी-अभी निकली फूनगी

नयी नयी  प्यार कोंपलें

लाल,बैंगनी रंग देखकर

मेरा मन बनाता शीतल

रोज सबेरे चिडियाँ आकर

इसमें शोर मचाती है,

तरह तरह के गाने गाकर

मेरा दिल बहलाती है

वैसे भी मैं रोंज बैठता

इसकी छाया के नीचे,

खेल करता आँख-मिचौनी

कभी-कभी आँख मीच्चें

नीम न होती अगर सामने

तो घर उजडा दिखलाता,

सरियालीके बिना समारा

दिल न यौं हरा रह पाता

कैसे धन्यवाद दाँ उसको

जिसने है यह नीम दिया

मूझको अपका पू मानकर

मेरा उपकार असीम किया.

Niveditha.R.Pillai

**പഴഞ്ചൊല്ലുകൾ**

1)കുംഭത്തിൽ മഴ പെയ്താതാൽ കുപ്പിയിലും മണിക്യം.

2)ചെമ്മാനം കണ്ടാലമ്മാനം മഴയില.

3)വിത്തുഗുണം പത്തുഗുണം.

4)നെല്ലറ പൊന്നറ.

5)കൈയാചടിയാലേ വായാട്ടൂ.

6)താന്താൻ നേടിയതേ താന്താൻ നേട്ടൂ.

7)ഓണമുണ്ട വയറേ ചൂളംപാടിക്കിട.

8)ഓണം കഴിഞ്ഞാൽ ഒലപ്പുര ഓട്ടപ്പുര.

9)കരയടുത്ത്ല്ല തുഴ കളയരുത്.

10)കരയ്ക്കിട്ട മീൻപോലെ.

11)ചിങ്ങത്തിൽ മഴ ചിരിച്ചും കരഞ്ഞും

12)ഞാറുനട്ടാൽ ചോറ്ററച്ച

## പ്രളയ ബാധിതർക്കായി

ഇനി വരുന്നൊരു തലമുറയ്ക്ക് പ്രളയം ഒന്നും വേണ്ട വേണ്ട......

മലിനമായ പ്രദേശങ്ങൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കും വീടുകൾ

വീടിനുള്ളിൽ വാടകയ്ക്ക് മൂർക്കനും പിന്നലിയും.......

(ഇനി വരുന്നൊരു)

പ്രളയ ഭീതിയിൽ നാടുമുങ്ങി

ഭീതിയിൽ കുറെ ജീവനും

തൻ ജീവൻ പേലും നോക്കിടാതെ കടലിൻ മക്കൾ

കുതിച്ചിറങ്ങി വെള്ളത്തിന്റെ നടുവിലേക്ക്

(ഇനി വരുന്നൊരു)

കഷ്ടപ്പെട്ട് ബുദ്ധിമുട്ടി കെട്ടിപ്പൊക്കിയ വീടുകൾ

താഴെ വീണ് പൊടിഞ്ഞ് കിടക്കുന്ന വീട് മാത്രല്ല

വീടുനുള്ളിലെ സുന്ദര സ്വപ്ന കൂടിയാണ്

പാവം എൻ ബന്ധു വിങ്ങിടുന്നു അയ്യോ പാവം

ക്രൂരനായ ജലത്തിൽ നിന്ന് മുക്തി നേടി

നാടിൻ മക്കൾ തിരികെ എത്തിയ നാടിൻ മുത്തുകൾ

നെഞ്ച് പൊട്ടി വിങ്ങിടുന്ന ആറ്റു നോറ്റു നെയ്തു

കൂട്ടിയ കൂരയിന്ന് നിലം പതിച്ചു

(ഇനി വരുന്നൊരു)

## പ്ലാസ്റ്റിക്ക് - വളർന്നു വരുന്ന ഭീകരൻ

മരണമില്ലാത്ത ,മരണം വിതക്കുന്ന ഭീകരൻ. പ്ലാസ്റ്റിക്കിന് ഈ വിശേഷണം നൽകുന്നതാകും ഉത്തമം .കത്തിച്ച കളഞ്ഞാൽ വായു മലിനികരണം മണ്ണിൽ എറിഞ്ഞാലോ പരിസ്ഥിതി നാശം.ആധുനിക ലോകത്തിൽ ഏറ്റവും മധികം തലവേദന സൃഷ്ടിക്കുന്നതാണ് പ്ലാസ്റ്റിക്കിന്റെ സംസ്കരണ വിഷയം.ഇന്നത്തെ ലോകത്ത് ഒരു സാധാരണക്കാരന്റെ ജീവിതിൽ പോലും ഒഴിവാക്കാനാകാത്ത വസ്തുക്കളിലൊന്നായി പ്ലാസ്റ്റിക്ക് മാറിക്കഴിഞ്ഞു . നമ്മുടെ കൊച്ചുകേരളത്തിൽപോലുംകഴിഞ്ഞങ്ങളിൽപ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിലുണ്ടായ ക്രമാതീതമായി വർദ്ധനവ് ആരെയും ഞെട്ടിപ്പിക്കുന്നതാണ് . ഒഴിവാക്കാനാകുന്ന ഈ വില്ലനെ പക്ഷേ താരപരിവേഷം ചാർത്തി അകത്തളത്തിലാനയിക്കാനാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത് .

പ്രകൃതിയോടിണങ്ങാത്ത,മണ്ണിനോട് ചേരാത്ത ഖരമലിന്യങ്ങളാണ് പ്ലാസ്റ്റിക്കുകൾ അമിതമായാൽ അമൃതും വിഷം എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം പ്ലാസ്റ്റിക്കിന്റെ അമിതമായ ഉൽപാദനവും ഉപയോഗവും ഭൂമിക്ക്

തന്നെ ഭീഷണിയായികൊണ്ടിരിക്കുകയാണ് . ജൈവം പ്രക്രിയക്ക് വിധേയമാക്കാതെ എത്രനാൾ വേണമെങ്കിലും മണ്ണിനടിയിൽ കിടക്കുവാൻ പ്ലാസ്റ്റിക്കിന് കഴിയും. പരിസ്ഥിതിനാശത്തിന്റെ വികൃതമുഖമാണ് ഈ ഭീകരനിൽ നിറഞ്ഞുകാണുന്നത്.

ലോകത്തിലാകമാനമുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരിശോധിക്കുകയാണെങ്കിൽ ഭാരതം ഇന്ന് അസുരക്ഷിതമായ അവസ്ഥയിലാണ് . ദൈവത്തിന്റെ സ്വന്തം നാട്ടിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം എട്ടുമടങ്ങിലധികം വർദ്ധിച്ചിരിക്കുന്നു. സമസ്തമേഖലകളിൽലും പ്ലസ്റ്റിക്ക് ഉല്പന്നങ്ങളുടെ സാനിദ്ധ്യം നമുക്ക് കാണാനാകും. കാഴ്ചയിലെ ഭംഗിയും എളുപ്പമേറിയ വൃത്തിയാക്കലും എല്ലാത്തിനുമുപരി വളരെ കുറഞ്ഞ വിലയുമാണ് പ്ലാസ്റ്റിക്കിന്റെ ആകർഷണഘടകങ്ങൾ ... കനം കുറഞ്ഞ അൻപത് പൈസ കവർ മുതൽ വീട്ടുപകരണങ്ങൾപ്പെടുന്ന വലിയ വലിയ സാധനങ്ങൾ വരെ ഇന്ന് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളാണ് .യാതൊരു കാരണത്താലും നശിക്കുകയില്ലെന്ന പ്ലാസ്റ്റിക്കിന്റെ പ്രതിരോധഭാവം ഇന്ന് വളരെയധികം ചോദ്യങ്ങൾ പലദേശത്തും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ടൺകണക്കിന്

പ്ലാസ്റ്റിക്ക് മാലിനങ്ങളെ കടലിൽ കൊണ്ടുപോയി തള്ളുന്ന ധാരാളം രാജ്യങ്ങളുണ്ട്. കടലിലെ ആവാസവ്യവസ്ഥയെ ഇത് തീർത്തും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്.പ്ലാസ്റ്റിന്റെ ഉപയോഗം പരമാവധി കുറക്കുക. ഇതാണ് പ്ലസ്റ്റിക്ക് സൃഷ്ടിക്കുന്ന വിപത്തുകൾക്കെതിരെ നമുക്ക് ചെയ്യാനാകുന്നത് തുടക്കത്തിൽ പ്ലാസ്റ്റക്ക് ഉപയോഗം ഇല്ലാതാക്കുകയെന്നത് അസംഭവ്യമായി തോന്നുമെങ്കിലും ദൃഢനിശ്ചയത്തിലൂടെയും കൂട്ടായ്മയിലൂടെയും അത് സാദ്ധ്യമാണ്. പ്ലാസ്റ്റിക്ക് ഉപയോഗം ഒരു പരിധി വരെയെങ്കിലും കുറക്കുവുനായാൽ അതിന്റെ ഉല്പാദനത്തിലും ഗണ്യമായ മാറ്റം സംഭവിക്കും.

കാർത്തിക.ഡി

9-B

## G.K Quiz Question

1.Which classic amusement park ride was modded after a bicycle wheel? >FerrisWheel

2.How many degrees has the earth warmed in the part 100year? >1 degrees

3.Where would you find Olympics mons- the largest volcano in the solar system? >Mars

4.About how many active volcanoes exist on earth?

>1900 volcanoes

5.What colour is lava at its hottest? >Blue

6.How fast can lightning travel?

>1,30,000miles per hour(2,09,215kph)

7.A hurricane in the western pacific Ocean is called what?

>Typhoon

8.How much of earth’s fresh water is stored in glaciers?

>Nearly three-quarters

by- Adithy(9-c)

# നാടൻ കലാരൂപങ്ങളും സവിശേഷങ്ങഷൾ

## കഥകളി

ലോക പ്രശസ്തി ആർജിച്ച ഒരു തനതുകലാരൂപമാണ് കഥകളി. 17-ാം നൂറ്റാണ്ടിൽജീവിച്ചിരുന്നകൊട്ടാരക്കരതമ്പുരാനാണ് ഇതിന്റെ ഉപജ്ഞാതാവ് . പച്ച,കത്തി,കരി,താടി,മിനുക്ക്, എന്നീവയാണ് വേഷങ്ങൾ .ചെണ്ട,ചേങ്ങില,ശുദ്ധമദ്ദളം,ഇലത്താളം എന്നീ

വാദ്യങ്ങൾ ഈ കലാരൂപത്തിൽ ഉപയോഗിക്കുന്നു.

## തിറ

ഒരു നാടോടി കലാരൂപമാണ് തിറ . ഇത് ഒരു വർണ്ണപകിട്ടേറിയ ദൃശ്യകലകൂടിയാണ് . തോറ്റം പാട്ടിന്റെ ഈണത്തിലും താളത്തിലുമാണ് നർത്തകർ ഇത് അവതരിപ്പിക്കുന്നത് . ചെണ്ട,ഇലത്താളം,എന്നിവ പശ്ചാത്തല വാദ്യങ്ങളായി ഉപയോഗിക്കുന്നു.

## ചാക്യാർകൂത്ത്

കേരളത്തിലെ ഒരു അനുഷ്ഠാന ദൃശ്യകലയാണ് ചാക്യാർകൂത്ത്. ചാക്യാന്മാരാണ് ഇത് നടത്തുന്നത്.മിഴാവ്,കുഴിതാളം,ഇടയ്ക്ക,കുഴൽ,ശംഖ്,എന്നിവയാ

ണ് ഈ കലാരൂപത്തിന്റെ പ്രധാന വാദ്യമേളങ്ങൾ .ക്ഷേത്രസമീപമുള്ള കൂത്തമ്പലത്തിലാണ് ചാക്യാർക്കൂത്ത് നടക്കുന്നത്.ഈ കലാരൂപത്തെ സംബന്ധിച്ച് ധാരാളം ഐതീഹ്യങ്ങൾ നിലവിലുണ്ട്.

## തെയ്യം

ഉത്തരകേരളത്തിൽ നിലവിലുള്ള ഒരു അനുഷ്ഠാഗന കലയാണ് തെയ്യം.തെയ്യത്തിന്റെ കോലം കെട്ടികഴിഞ്ഞാൽ ആ ആളെ ദൈവമായിട്ടാണ് കരുന്നത്.

## പടയണി

കാളീപ്രീതിക്ക് നടത്തുന്ന ഒരു കലാരൂപമാണ് പടയണി ചൂട്ടുകറ്റ വെളിച്ചത്തിന്റെയും വല്യമേളത്തിന്റെയും അകമ്പടിയോടെ ഒറഞ്ഞുത്തുള്ളുന്നു.

submitted by

Adithyakrishnan. s

1.കയ്യില്ല കാലില്ല വാലുണ്ട് വയറുണ്ട് നീരാടിപോകുമ്പോൾ കൊല്ലും ഞാൻന്നൂറാളെ = മീൻവല

2.ഒരു കൂട്ടയിൽ രണ്ടു മുല്ലമൊട്ടുമാല = പല്ലുകൾ

3.ആളെ കണ്ടാൽ കൂകി വിളിക്കും കൈകാണിചാലുടൻ നിൽക്കും =ബസ്സ്

4.മുറ്റത്ത് നിൽക്കുമി കൊച്ചു കുഞ്ഞൻ കൊതിയരം കരയിക്കും കൊച്ചു കുഞ്ഞൻ = കാന്താരിമുളക്

5. ചെടിയിമേൽ കായ കായിൻമേൽ ചെടി = കൈതച്ചക്ക

6.വില്ലാണ പക്ഷെ ഞാണില്ല കെട്ടാൻ അമ്പല്ല പെയ്യുന്നതായിരം തുള്ളി = മഴവില്ല്

7. തല കീഴ്പ്പോട്ടാക്കികറങ്ങും മുക്കാലൻ = ഫാൻ

submitted by adithya

Love

l love one woman

who gave birth to me

she is my mother

who feeds me

l love one man

who is my father

He gives me food

and dress to wear

l love some people

who teacher me

They are my teacher

who led in a right way

l love some children

who help me

They are my friend

who play with me

These are the people and

There are some people

who likes me and

who love me

Anurag

സ്വാതന്ത്ര്യസമര ക്വിസ്സ്

ഇന്ത്യയിലെ ആദ്യത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ?

വാറൻ ഹേസ്റ്റിങ്ങ്സ്

ക്വിറ്റ് ഇന്ത്യാ സമരനായിക എന്നറിയപ്പെടുന്നതാര്?

അരുണാ ആസഫ് അലി

ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് സ്ഥാപിച്ച ബ്രിട്ടിഷുകാരൻ?

എ.ഒ.ഹ്യൂ

'സ്വദേശി' എന്ന വാക്ക് ആദ്യമായി അവതരിതപ്പിച്ചത്?

സ്വാമി ദയാനന്ദ

ഇന്ത്യയിലെ ആദ്യ യുറോപ്യൻ കോട്ടയേത്?

മാനുവൽ കോട്ട(കൊച്ചി)

സമ്പൂർണ്ണ വിപ്ളവം എന്ന ആശയം ആരുടെതായിരുന്നു?

ജയപ്രകാശ് നാരായൺന്റെ

ഗോപാലകൃഷ്ണ ഗോഖലെയുടെ രാഷ്ട്രീഗുരു?

ജസ്റ്റിസ് രണദേ

ബ്രഹ്മസമാജസ്ഥാപകൻ?

രാജറാം മോഹൻ റോയ്

സ്വാതന്ത്ര്യം ലഭിക്കമ്പോൾ ഇന്ത്യയുടെ ജനസംഖ്യ എത്ര?

34 കോടി

സൈമൻ കമ്മിഷന്റെ ചെയർമാൻ?

ജോൺ സൈമൻ

Niveditha.R.Pillai

# हमारे रक्षक जंगल और पेड

आदिम मनुष्य आरंभ काल में जगंलों में रहता था/वह पेडों के नीचे निवास करता था/उसने पक्षियों के घोंसलों को देखा तो उसे भी घर बनाकर रहने की इच्छा हुई/उसने घर बनाकर

अपने को धूप,वर्षा और जंगली जानवरों से बचा लिया/वह धीरे-धीरे सभ्य बनता गया/इसलिऐ उसका आवश्यकताएँ भी बढ़ती गयीं/

आदमी घर बनाने और आवश्यकताओं की पूर्ति के लिए पेडों को काटने लगा/जंगल के नष्ट होने से पयविरण बिगड़ने लगा/पयविरण के बिगड़ने से वर्षा कम होने लगी/गमी बढ़ने लग/गमी के बढ़ने से बरफ़ गलने लगा/बरफ़ से समुद्र का पानी बढ़ने जा रहा है/इससे समूढ़-तट पर बसे शहरों के डूबने का भय है/

ये जंगल और पेड़ पकूति के अंग हैं/पकूति के ये अंग हमारी रक्षाकरते आ रहे हैं/ ये सभी पाणियों के रक्षक हैं/इसलिए इनकी रक्षा करता हमारा परम कतेव्य है/

Niveditha.R.Pillai

हमारे रक्षक जंगल और पेड

आदिम मनुष्य आरंभ काल में जगंलों में रहता था/वह पेडों के नीचे निवास करता था/उसने पक्षियों के घोंसलों को देखा तो उसे भी घर बनाकर रहने की इच्छा हुई/उसने घर बनाकर अपने को धूप,वर्षा और जंगली जानवरों से बचा लिया/वह धीरे-धीरे सभ्य बनता गया/इसलिऐ उसका आवश्यकताएँ भी बढ़ती गयीं/

आदमी घर बनाने और आवश्यकताओं की पूर्ति के लिए पेडों को काटने लगा/जंगल के नष्ट होने से पयविरण बिगड़ने लगा/पयविरण के बिगड़ने से वर्षा कम होने लगी/गमी बढ़ने लग/गमी के बढ़ने से बरफ़ गलने लगा/बरफ़ से समुद्र का पानी बढ़ने जा रहा है/इससे समूढ़-तट पर बसे शहरों के डूबने का भय है/

ये जंगल और पेड़ पकूति के अंग हैं/पकूति के ये अंग हमारी रक्षाकरते आ रहे हैं/ ये सभी पाणियों के रक्षक हैं/इसलिए इनकी रक्षा करता हमारा परम कतेव्य है/

Niveditha.R.Pillai

## MY WORLD

Running streamlets,
Growing trees,
Singing birds,
And blowing breeze;
Flowering plants,
smoking houses,
Sowing lands,
And showering clouds;
Sleeping deeps,
Rising peaks,
Cooling night,
With moon that peeps;
Barking dogs,
And mewing cats,
running after,
Mice and rats;
what a noise,
and what a din,
is the world,
that i live in?
that i live in?

Submitted by
pooja gopan .L

## അനാഥരാണവർ ചുറ്റിനും

വഴിവക്കിലെ പിടികയിൽ അന്തിയുറങ്ങുയവർ

തെരുവു നായ്ക്കൾപോലെ വലിച്ചു ചീന്തിയവരെ നാം

ക്രൂരനാം മനുഷ്യജന്മം സഹോദരിമാർ, ഭാര്യമാർ,

അമ്മമാർ മക്കളും പിന്നെ നമ്മുടെ പ്രകൃയും

ഓർക്കുക നീ മാനുഷ്യാ....നിന്റെ ക്രൂരതകൾ

(2)

അനാഥരാണവർ സമൂഹത്തിൽ മുൻപിൽ മാത്രം

ദ്ദു:ഖിതരാണവർ ജന്മജന്മന്തരം വരെ

മരിക്കുവാനായി കൊതിച്ചവരാണവർ പിന്നെ

ചാടിയെഴുന്നേറ്റ് ജീവിതം നയിക്കുകയാണവർ

ചിന്തിക്കൂ നീ മാനുഷാ...നിന്റെ ക്രൂരതകൾ

(2)

ക്രൂരത സഹിച്ചാ പെണ്ണിനെ നീ കുടിച്ചുതീർത്തു

അല്ലയോ ക്രൂരനാം മാനുഷ്യാ.... നീ മനുഷ്യനോ?

അല്ലയോ എന്റെ പ്രിയസോദരികളെ ചൊല്ലൂ.

നിർത്തുവിൻ നിന്റെ ക്രൂരതകൾ നിർത്തു

ഞങ്ങൾ സ്ത്രീകൾ അനാഥരല്ല നിർത്തു മാനുഷ്യാ.

നിന്റെ മനുഷ്യാ നീ ഓർക്കു....

(2)

പറയുകയാണു വീണ്ടും ഞങ്ങൾ സ്ത്രീകൾ

നിർത്തുകയാണ് നിനക്കു നല്ലത്

നന്മയാണെന്നും നിലനിൽക്കുക നിന്റെ

തിന്മകളല്ലെന്ന് ഓർക്കുകയണ് നീ ചെയ്യണ്ടത്

അല്ലയോ ലോക മനുഷ്യരേ കേൾക്കു

ഇവിടെ നിങ്ങൾക്കമ്മെയില്ലേ ഭാര്യയില്ലേ സഹോദരിയില്ല

കുട്ടികളില്ലേ ചിന്തിക്കു  ഇത് സരിയാണേ?

അതിനാൽ നന്മയ്ക്കായി തുടക്കാം കുറിക്കാം

പുതിയൊരു  നാളേയ്ക്കയി തുടങ്ങാം ഇന്നി ശേഷദിനങ്ങൾ.

-Adithyan.s

## കള്ളം പറയാത്ത കള്ളൻ

ഒരിടത്ത്       ഒരു കള്ളൻ ഉണ്ടായിരുന്നു.

അയാൾ  സ്വർണം മോഷ്ടിച്ചു,.

സ്വർണമായിട്ട് അയാളെ പോലീസ് പിടികൂടി.

അയാളെ പോലീസ് കോടതിയിൽ ഹാജരാക്കി.കോടതിയിൽ അയാളോട് ചോദ്യങ്ങൾ ചോദിച്ചപ്പോൾ അയാൾ നടന്ന സത്യം മാത്രമേ പറഞ്ഞുള്ളൂ.

ആ കള്ളൻ കള്ളത്തരം മാത്രമേ ചെയ്യുന്നോള്ളങ്കിലും, ആ കള്ളൻ സത്യം മാത്രമേ പറയത്തൊള്ളായിരുന്നു.ആ കള്ളൻ കോടതിയിൽ സത്യം മാത്രം വെളിപ്പെടുത്തിയത് കൊണ്ടും ആ കള്ളനെതിരെഒരുതെളിവുകളുംവെളിപ്പെടുത്താതിരുന്നതുകൊണ്ടും ആ കള്ളനെ

കോടതി വെറുതെവിട്ടു.

ഈ കള്ളൻ തന്റെ അമ്മ കാരണമാണ് വലിയൊരു കള്ളനായത്. ഈ കള്ളന്റെ

വീട്ടിലെ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടാണ് ഈ കൊച്ച് കള്ളൻ വലിയൊരു കള്ളനായത്.

ആ കള്ളൻ വളരെ സത്യസന്തൻ ആയതുകൊണ്ടും ആ കള്ളൻ മോഷ്ടിക്കുന്ന സാധനങ്ങളും ആ കള്ളൻ പ്രാരാബ്ദവും, ദാരിദ്രവും ആയിട്ട് കഴിയുന്ന കുടുംബങ്ങൾക്ക് ദാനം ചെയ്യുന്നു.

ATHUL KARTHIK

9C

## MUST WIN THE MATCH

We are playing and enjoying the games but we are not winning the game. The games is the most important exercise in our body. Two type of games indoor games and outdoor games.,

Indoor games eg:- Chess, Ludo, Snake and ladder.

Outdoor games eg:- football, cricket, Kho kho.

Outdoor games is the best exercise to our body, best example football. We must take time for football. Playing football our internal body have working and our body stamina and strength increasing.

Indoor games is the best exercise to our brain, most important example is chess. Have you spend

only 15 minutes daily, your brains have internal power.

Games have some internal power. You have play indoor and outdoor games daily your body have extra power and body fitness.

ATHUL KARTHIK

9C

## മൈന കുഞ്ഞും കുരുവിയും

ഇപ്പോൾ നല്ലയൊരു കാലാവസ്ഥയാണ്.

ഞാൻ ഒരു മരത്തിന്റെ മുകളിലിരുന്ന്

പ്രകൃതി  സൗന്ദര്യം ആസ്വദിക്കുകയാണ്

അപ്പോഴാണ് അങ്ങ് തടാകത്തിൽ  ഒരു

കുഞ്ഞു മൈനയേ കണ്ടത്. ഞാൻ ആ

മൈനയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട്

ചോദിച്ചു,നീ എന്തിനാ ഈ തടാകത്തിൽ

അരുകിൽ ഇങ്ങനെ വിഷമിച്ചിരിക്കുന്നത്.

അപ്പോൾ ആ കുഞ്ഞു മൈന പറഞ്ഞുഇ

കേട്ടപ്പോൾ എനിക്ക് ഒത്തിരി വിഷമമായി.

ആ കുഞ്ഞു മൈനയുടെ അച്ഛനും അമ്മയും

ഒരു വിട്ടിൽ ആഹാരം തേടി പോയപ്പോൾ

ആ വിട്ടിലെ ഒരാൾ ആ രണ്ട് കിളികളേയും

കെണിവെച്ചുപിടിച്ചു. ഇപ്പോൾ ഈ കുഞ്ഞു

മൈന അനാഥയാണ്. ഇത്രയും പറഞ്ഞുകൊണ്ട്

ആ മൈന കരയാൻ തുടങ്ങി. എന്നിട്ട് എന്നോട്

ആ കുഞ്ഞു മൈന ചേദിച്ചു കുരുവി ചേച്ചി ഞാൻ

ചേച്ചിയുടെ കൂടെ വന്നോട്ടെ? ഞാൻ പറഞ്ഞു നി

എന്റെ കൂടെ വന്നോളു നീ വലുതാകുന്നത് വരെ

ഞാൻ നിന്റെ കാര്യങ്ങൾ എല്ലാം നോക്കിക്കോളാം.

വാ നമ്മുക്ക് പോകാം. അങ്ങനെ ഞങ്ങൾ

സന്തോഷത്തോടെ ഒരുമിച്ച് താമസിച്ചു....

-Adithyan.b

## അനന്തപർവ്വം

എന്റെ ഗ്രാമത്തിൽ ഞാൻ കണ്ട നമുക്ക്

ജലം വഹിക്കുന്ന പർവതത്തെ എന്തൊരു

ഒഴുക്കിന്റെ ഭംഗി,എന്തൊരു താളമിട്ട ശബ്ദം.

മധുരദ്വീപുപോൽ എൻ മനം അതിൽ

മുഴുകി. മത്സ്യം സന്തോഷ പുളകങ്ങൾകൊണ്ടാ

ജലത്തിൽ തുള്ളിചാടി ഓടി നീന്തി നടക്കുന്നു.

പർവതതുമ്പിൽ നിന്ന് പൊട്ടി ഊന്നി വീഴുന്ന

ഒരു ഗംഗാ ജലമാണ് ആ നദി. ആ ജലത്തിൽ

കുളിച്ച് ഞാൻ പാപങ്ങൾ തീർന്നവനായി

മാറി. -അനന്തകൃഷ്ണൻ

## സുഹൃത്തുക്കൾ

ഒരിടത്ത് ഒരിടത്ത് മൂന്ന് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഇണപിരിയ ചങ്ങാതിമാരായിരുന്നു.സങ്കടത്തിലും സന്തോഷത്തിലും എല്ലാം അവർ ഒന്നിച്ചിരുന്നു.ഒരാൾക്ക് ഒരു സാധനം കിട്ടിയാൽ അത് മൂവരും പരസ്പരം പങ്കുവയ്ക്കും അത് ഇനി ചെറിയ മിഠായിആയാൽ പോലും അങ്ങനെ സന്തോഷിച്ചിരുന്ന അവർക്കിടയിൽ ആകാശം പിളർന്ന് ഒരു ദുരന്തം വന്നത്തി. അവർക്കിടയിൽ കലഹം ഉണ്ടാക്കാൻ ഒരാൾ കൂടി കടന്നും വന്നു. അവർ മൂന്നു പേരും അവളെ വല്ലാതെ

വിശ്വസിച്ചു പക്ഷേ അവർ അവരെ മൂവരെയും അകറ്റാൻ വന്ന ചെകുത്താന്റെ സന്തതിയായിരുന്നു. അവൾ അവരെ അകറ്റി മൂന്ന് പാത്രത്തിൽ ആകുമെന്ന് ഉറച്ച് വിശ്വസിച്ചു. ഒരു ദിവസം ഈ കാര്യത്തെകുറിച്ച് അകറ്റാൻ വന്നഅവൾ അവളുടെ സുഹൃത്തിനോട് പറയുന്നത് മൂവരിൽ ഒരാൾ കേട്ടു. അത് അവൾ ബാക്കി രണ്ടുപേരോടും പറഞ്ഞു എന്ത് ചെയ്യണമെന്ന് അറിയാതെ വഞ്ചിതരായി മൂവരും. അവർ മൂന്നുപേരും ഉറച്ച് ഒരു കാര്യം തിരുമാനിച്ചു. അവൾക്ക് നല്ലപണികൊടുക്കണം അങ്ങനെ അവർ അവൾക്ക് പണികൊടുക്കാൻ തീരുമാനിച്ചു. മൂവരിൽ ഒരാൾ പാൽകാച്ചി വച്ചിട്ട് ബാക്കി രണ്ട് പേരെ വിളിക്കാൻ പോയി. ആ സമയത്ത് അകറ്റാൻ വന്നവൾ മൂന്ന് ഗ്ലാസിലെ രണ്ട് ഗ്ലാസിൽ ഉപ്പ് കലക്കി ഒന്നിൽ പഞ്ചസാരയിട്ടു. അവർ മൂവരും കണ്ടു. അവൾ തിരിച്ചെത്തി പാലുകൾ മാറ്റി. ഒന്നിൽ ഉപ്പും രണ്ടണത്തിൽ പഞ്ചസാരയും ചേർത്തു അതിനു ശേഷം ഉപ്പ് ഉള്ളത് അകറ്റാൻ വന്നവൾക്ക് കൊടുത്തു. ബാക്കി രണ്ടും മറ്റവരും കുടിച്ചു. ഉപ്പ് പാൽ കുടിക്കുന്നതുപോലെ അഭിനയിച്ച് മുഖം ചുളിച്ച് അവർ രണ്ടു പേരും അത് കുടിച്ചു. ഇത് കണ്ടു വിശ്വസിച്ച് അകറ്റാൻ വന്നവൾ ഉപ്പ് പാൽ കുടിച്ചു. ചെയ്തു

പണി തിരിച്ച് കിട്ടിയെന്ന് ബോധ്യതോടെ അവൾ അവിടെ നിന്ന് ഓടി മറഞ്ഞു.

## ഗുണപാഠം

ഒന്നിച്ച് നിന്നാൽ നമുക്ക് സാധിക്കാൻ പറ്റാത്തതായി ഒന്നുമില്ല.

തയ്യാറാക്കിയത് :

മോനിഷ

## കവിത

കൺചിമ്മൽ

അഹസു മങ്ങി തുടങ്ങി

*താരകം ചിരിക്കുന്നു*.....ഇനൻ മാറി.......

നിശിഥിനിയേ വരവേൽക്കുന്നു

ദീപപ്രഭ മങ്ങി അന്തിയണയാറായി

വിളക്കിന്റെ ഒരുതിരി മങ്ങി തുടങ്ങി

*മറുതിരി ഏറേ ജ്വലിക്കുന്നു*

അത് മാഴ്കിന്റെ തിരി......

അത് മാഴ്കിന്റെ തിരി......

*തേങ്ങലിനുള്ള സമയമല്ലിത്*

*മർത്ത്യാ ഇത് ഉത്ഥാനത്തിനുള്ള*

സമയം......

ഇത് ഉസ്ഥാനത്തിനുള്ള സമയം

ജീവിതം സുഖ ദുഃഖങ്ങളൂടേതാ-

കുന്നു മാനവാ.....

പ്രതീക്ഷാ കൈവിടാതെ

പോരാടുക നീ

വിജയം വരും വരേ. VIVEK

## നവകേരള നിർമ്മിതിയിൽ കുട്ടികളുടെ പങ്കാളിത്തം

നവകേരളത്തിന്റെ ഉൽഭവത്തിന്റെ

അടിത്തറ തന്നെയാണ് കുട്ടികളുടെ പങ്ക്. പുതിയതായ

നമ്മുടെ കേരളത്തിന്റെ നിർമ്മിതിയിൽ കുട്ടികളുടെ പങ്ക് വളരെ

പ്രധാനമേറിയതാണ്. കുട്ടികളുടെ തന്നെ

ഒരു ജ്വാലയാണ് നവകേരളം. ലോകമെമ്പാടുമുള്ള മുഖ്യ

വിദ്യാർത്ഥികളും കേരളത്തെ സ്നേഹിക്കുന്നു. അതിന് താങ്ങും

തണലും ആകുന്നു.

നവകേരളത്തിന്ന പ്രചോദനമായത് കുട്ടികളുടെ

പ്രയ്നത്തിന്റെ ഫലമായിട്ടുതന്നെയാണ്. നമ്മുടെ ഈ സ്വർഗപൂർണമായിരുന്ന കേരത്തിന് ഒരു വിള്ളൽ സംഭവിച്ചപ്പോൾ അതിന്റെ എല്ലാ പ്രയാസങ്ങളേയും

തരണം ചെയ്ത് കുട്ടികൾ നിന്നു. പൊതുവിദ്യാലയത്തിലായാലും സമൂഹത്തിലായാലും

കുട്ടികളുടെ പങ്ക് വളരെ പ്രചോദനമേറിയതാണ്. കുട്ടികളും കരങ്ങളാൽ കേവലം കേരളം പുതിയ ഒരു

പ്രകൃതിരമണീയമായി തീരുന്നു. ഇപ്പോൾ ഏതു മേഖലയിലും അത് ശാസ്ത്രമോ സാങ്കേതികമോ

എന്തായാലും അതിൽ കുട്ടികൾ ഏർപ്പെട്ടിരിക്കുന്നു.

നമ്മളെ ഭയത്തിന്റെ ആഴകടലിൽ എത്തിച്ച

സംഭവമായിരുന്ന മഹാപ്രളയം. പല മനുഷ്യർക്കും വീടുകൾക്കും പല പല ജീവനുകൾക്കും എല്ലാം ദുരിതപൂർണമായിരുന്ന ഒരു സംഭവമായിരുന്ന മഹാപ്രളയം. പലർക്കും പലരുടെ ജീവൻ നഷ്ടമായി.

അങ്ങനെ എത്ര എത്ര ജീവനുകൾ. ഈ സംഭവത്തിലും

മനുഷ്യർക്ക് പ്രചോദനമായി നിന്നത് കുട്ടികളാണ്. സ്കൂൾ തലത്തിൽ നിന്നും കുട്ടികൾ ദുരിതത്തിലാർന്ന-

-വരെ സഹായിച്ചു.

പണ്ട് മുതൽക്കേ പണം ശേഖരിച്ച് കുടുക്കയിൽ വച്ചിരുന്ന ഒരു കുട്ടി ഈ മഹാപ്രളയം സംഭവിച്ചപ്പോൾ തന്റെ കുടുക്ക പൊട്ടിച്ച് പണം നൽകിയ സംഭവവും ഉണ്ടായിട്ടുണ്ട്. അങ്ങനെ എത്ര എത്ര കുട്ടികൾ . സമാഹത്തിന്റെ അഥവാ നവകേരളത്തിന്റെ നിർമ്മിതിയിൽ കുട്ടികൾ വളരെയധികം പ്രയത്നിച്ചിരിക്കുന്നു.

ഇപ്പോൾ നമുക്ക് കാണാം ഐ.ടി.യുടെ അടിത്തറയായ ഗൂഗിളിന്റെ ഓഫീസിൽ വെറു ഒമ്പതു

വയസ്സുമാത്രമുള്ള ഒരു കുട്ടിയ്ക്ക് ജോലി ലഭിക്കുന്നു. ഇതെല്ലാം തന്നെ കുട്ടികളുടെ മികവിന്റെ ഉദാഹരണ-

-ങ്ങളാണ്. പിന്നെയോ പഠനത്തിലും കുട്ടികളുടെ മികവ് നമ്മുക്ക് കാണാൻ സാധിക്കുന്നവ തന്നെയാണ്.

ഇപ്പോൾ നമ്മൾ ഏതു മേഖല തിരഞ്ഞെടുത്താലും അതിൽ കുട്ടികളുടെ പങ്ക് കൂടുതലാണ്.

നവകേരളമാകുന്ന നമ്മുടെ ഭൂമി തന്റെ അമ്മയാണെന്ന് തന്നെ കരുതി പ്രവർത്തിച്ചവരാണ് നമ്മുടെ കുട്ടികൾ. സങ്കടത്തിലും സന്തോഷത്തിലും ദേഷ്യത്തിലും ഒരുപോലെ താങ്ങുംതണലുമായി നിൽക്കുന്നു നമ്മുടെ കുട്ടികൾ.

കുട്ടികളുടെ പ്രയത്നഫലമായി നമ്മുടെ നവകേരളം ഉണരുകയാണ്. കുട്ടികൾ കേവലം കുട്ടികൾ മാത്രമല്ല,അവർ കേരളത്തിന്റെ ചെറിയ പവിഴ മുത്തകളാണ്. മനുഷ്യമനസ്സിൽ കുട്ടികൾ എന്നും ഒരു പ്രചോദനമായി നിലനിൽക്കുന്നു. കുട്ടികളാകുന്ന ഈ പവിഴമുത്തുകളെ പൊട്ടിച്ചു കളയാതെ മനുഷ്യനന്മയ്ക്കായി അവരെ കൂടുതൽ പ്രചോദനത്തിന്റെ ആഴകടലിൽ നിറകതിർ കൊള്ളിക്കുക.

arjun

9.C

## ഗണിത പാട്ട്

കുട്ടിൽ പത്തുമുട്ട തട്ടിമുട്ടി ഒന്ന് പൊട്ടിയങ്ങുപൊയി

ബാക്കിയെത്രമുട്ട. കുട്ടയിൽ ഒൻപതുമുട്ട തട്ടിയെന്ന്

പൊട്ടിയങ്ങുപോയി ബാക്കിയെത്ര മുട്ട കുട്ടയിൽ

എട്ടുമുട്ട തട്ടിമുട്ടി ഒന്ന് പൊട്ടിയങ്ങുപോയി ബാക്കി

യെത്രമുട്ട കുട്ടയിൽ ഏഴുമുട്ട തട്ടിമുട്ടി ഒന്ന് പൊട്ടിയങ്ങുപോയി

ബാക്കിയെത്രമുട്ട കുട്ടയിൽ ആറുമുട്ടതട്ടിമുട്ടിഒന്ന്

പൊട്ടിയങ്ങുപോയി ബാക്കിയെത്ര മുട്ട

കുട്ടയിൽ അഞ്ചുമുട്ട തട്ടിമുട്ടി ഒന്ന് പെട്ടിയങ്ങുപോയി

ബാക്കിയെത്ര മുട്ട കുട്ടയിൽനാലുമുട്ട തട്ടിമുട്ടിയങ്ങുപോയി

ബാക്കിയെത്രമുട്ട കുട്ടയിൽ മൂന്നുമുട്ട തട്ടി ഒന്ന്

പൊട്ടിയങ്ങുപോയി ബാക്കി എത്ര മുട്ട

കുട്ടയിൽ രണ്ടു മുട്ട തട്ടിമുട്ടി ഒന്ന് പൊട്ടിയങ്ങുപോയി

ബാക്കിയെത്രമുട്ട കുട്ടയിൽ ഒരു മുട്ട തട്ടിമുട്ടി

ഒന്ന് പൊട്ടിയങ്ങുപോയി ബാക്കിയെത്രമുട്ട.

അഭിരാമി

5 ബി

## സ്നേഹത്തിന്റെ  മഹത്വം

സ്നേഹം മൂല്യം മനുഷ്യന്
 ത്യാഗം മൂല്യം മനുഷ്യന്
ജന്മം തോറും മനുഷ്യന്
ജീവൻ പേറും മനുഷ്യന്
മനസിലാക്കു മനുഷ്യാനിൻ
ക്രൂരത സഹിക്കും ഭൂമിയെ
തൊട്ടു വന്ദിക്കു നിൻ
അമ്മയാം പ്രകൃതിയെ
 നിർത്തു മനു്ഷ്യാ നിൻ  ക്രൂരതകൾ
തുടങ്ങൂ നേർവഴികൾ നാളെയ്ക്കാ്യി

ശ്രീപാർവ്വതി

## അറിവിന്റെ അളവ്

-ഒരിക്കൽ ഒരിടത്ത് ഒരു ഗുരുവിന് മൂന്ന്

ശിഷ്യർന്മാരുണ്ടായിരുന്നു . ഗുരുവിൽ നിന്നും വിദ്യ-
യെല്ലാം അഭ്യസിച്ചുകഴിഞ്ഞ് മൂവരും അവരവരുടെ ഗൃഹ-
ങ്ങളിലേക്ക് മടങ്ങാൻ നേരം ഗുരു മൂവരോടുമായി ചോ-
ദിച്ചു .നിങ്ങൾക്ക് എന്തുമാത്രം അറിവ് എന്നിൽനിന്നും
ലഭിച്ചിട്ടുണ്ടെന്നുള്ള കാര്യം എനിക്കറിയാൻ ആഗ്രഹ-
മുണ്ട് . ഒരു ശിഷ്യർ പറഞ്ഞു കടൽത്തീരത്ത് എത്ര
മണൽത്തരിയുണ്ടോ അത്രയും അറിവ് അങ്ങനെനിക്കു
പകർന്നുതന്നു എന്നാൽ രണ്ടാമത്തെ ശിഷ്യർ
പറഞ്ഞു .ആകാശത്ത് എത്രമാത്രം നക്ഷത്രങ്ങളുണ്ടോ
അത്രമാത്രം അറിവ് അങ്ങനെനിക്കു പകർന്നു തന്നു
എന്നാൽ മൂന്നാമത്തെ ശിഷ്യനാകട്ടെ ഒരക്ഷരവും ഉരി
യാടിയില്ല . അതുകൊണ്ടുതന്നെ ഗുരു അവനോടു ചോദിച്ചു.

നിനക്കെന്താ ഒന്നു പറയാനില്ലേ? ഒരു പക്ഷേ എന്നിൽ

നിന്നും ഒരറിവും നിനക്കു ലഭിച്ചില്ലെന്നുണ്ടോ ? ഗുരുവിന്റെ

ചോദ്യം കേട്ട ശിഷ്യൻ ഭയഭക്തി ബഹുമാനങ്ങളോടെ

ഇപ്രകാരം പറഞ്ഞു ഗുരോ വേലിയേറ്റമുണ്ടായാൽ കട-

ൽത്തീരത്തെ മണൽത്തരികൾ മുങ്ങിപ്പോകും കാർമേഘ-

ങ്ങളുണ്ടാകുമ്പോൾ ആകാശത്തിലെ നക്ഷത്രങ്ങൾ മറ-

ഞ്ഞുപോകും എന്നാൽ അങ്ങെനിക്കു പകർന്നുതന്ന അ-

റിവ് ഒരിക്കലും ആരാലും നശിപ്പിക്കപ്പെടാത്തതാണ്

ആ അറിവിനോടു താരതമ്യം ചെയ്യാൻ ഈ പ്രപഞ്ച-

ത്തിൽ മറ്റൊന്നും തന്നെയില്ലാത്തതിനാലാണ് ഞാൻ

മൗനം പാലിച്ചത് നീയാണ് എന്റെ ഉത്തമശിഷ്യൻ

നിനക്കെന്നും നന്മകൾ ഉണ്ടാകട്ടെ ഗുരു സന്തോഷപൂ

ർവ്വം തന്റെ അരുമശിഷ്യനെ അനുഗ്രഹിച്ചു......

രാജലക്ഷ്മി എസ്

## തക്കാളിയുടെ ജീവിതത്തിൽ നിന്ന്

-ഞാൻ ചുറ്റും നോക്കി എത്രയെത്ര കൂട്ടുകാർ . നീളം പടവലം ചുവന്ന തുടുത്ത കാരറ്റ് നീലപ്പയറും തിളങ്ങുന്ന വഴുതനയും ഓ കാണിവെള്ളരിക്കയും ഉണ്ടല്ലോ. പരുപരുത്ത നീളൻ മുരിങ്ങക്കയും ഓരോരുത്തരും വിശേഷങ്ങൾ പങ്കിട്ടു പെട്ടെന്നാണ് ആ ശബ്ദം കേട്ടത് .

"ഒരു കിലോ തക്കാളിക്ക"അതു കേട്ടു ഞാൻ പേടിച്ചു. ഒരു കൈ നീണ്ടു വന്നു ത്രാസിൽ ഇരിക്കുമ്പോൾ എന്റെ ഉള്ളു പിടഞ്ഞു .പിന്നീട് എന്തൊക്കെയാണ് സംഭവിച്ചത്.

പിന്നെ താമസമുണ്ടായില്ല. ഞാനും എന്റെ കൂട്ടുകാരും ഒരു സഞ്ചിക്കുള്ളിൽക്കിടന്ന് ഞങ്ങൾക്ക് ശ്വാസം മുട്ടി . എങ്ങോട്ടാണ് ഞങ്ങളെ കൊണ്ടുപോകുന്നത് ആരാണ് ഞങ്ങളെ കൊണ്ടുപോകുന്നത് . ആരാണ് ഞങ്ങളെ വാങ്ങിയത് ? എനിക്കൊന്നും മനസിലായില്ല

ആളുകൾ സംസാരിക്കുന്നതും വാഹനങ്ങളുടെ ശബ്ദവുമൊക്കെ പുറത്തുകേൾക്കാം പക്ഷേ ഒന്നും കണ്ടുകൂടാ . എങ്ങും കൂരിരുട്ട് . എനിക്ക് പേടി തോന്നി . നടന്നും ബസിലുമൊക്കെയായി കുറേ

ദൂരെ യാത്ര ചെയ്യുന്ന തോന്നുന്ന കുറച്ചുനേരം കഴിഞ്ഞപ്പോൾ സഞ്ചിയുടെ അനക്കം നിന്നു ഏതോ ഒരു വീട്ടിൽ എത്തിയതായി എനിക്കു തോന്നി എന്റെ ഊഹം തെറ്റിയില്ല സഞ്ചി തുറന്ന് ഒരു വീട്ടമ്മ ഞങ്ങളെ എടുത്തു പുറത്തിട്ടു ഹാവൂ എന്തൊരു ആശ്വാസം എനിക്കു സമാധാനമായി.

പക്ഷേ ആശ്വാസം അധികനേരം നീണ്ടുനിന്നില്ല. അവർ ഞങ്ങളെ എടുത്ത് ഒരു വലിയ പാത്രത്തിലേക്ക് ഇട്ടു ഞങ്ങളുടെ പുറത്ത് കുറെ വെള്ളമൊഴിച്ചു . തണുത്തവെള്ളമൊഴിച്ചു തണുത്തവെള്ളം ശരീരത്തു പതിച്ചപ്പോൾ എനിക്കു കുളിരുകോരി . അവർ ഞങ്ങളെ ശരിക്കും ഉരച്ചു കഴുകി . എന്റെ ശരീരം പലയിടത്തും മുറിഞ്ഞു. ഞാൻ വേദനിച്ചു നിലവിളിച്ചു 'അവർ എന്തിനുള്ള പുറപ്പാടാണാവോ? '' മോളെ ഇന്ന് തക്കാളിക്കറി മോൾക്ക് അത് ഇഷ്ടമല്ലേ''?

അത് കേട്ട് ഞാൻ ഞെട്ടിപ്പോയി തലകറങ്ങി കുഴഞ്ഞു വീണു പിന്നീടൊന്നും എനിക്ക് ഓർമയില്ല....

മഹിമാമുരളി

9-A